ഇതുകൂടാതെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുവാൻ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2008-ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം കാസിയയ്ക്ക് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര ചട്ടങ്ങൾ പ്രകാരം മാനദണ്ഡം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു ഭക്ഷ്യ വസ്തു ആയതിനാൽ, ആയതിന്റെ വിൽപ്പന തടയുവാൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിനോട് ഇതിനകം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ, കറുവപ്പട്ട (സിനമോൺ) എന്ന രീതിയിൽ കാസിയയുടെ വിൽപ്പന നടത്തുന്നതായ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2011 മുതൽതന്നെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിനോട് ആവശ്യപെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായി സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചതിൽ കറുവപ്പട്ട എന്ന രീതിയിൽ കാസിയയുടെ വിൽപ്പന ശ്രദ്ധയിൽ പ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇതുസംബന്ധിച്ച റിപ്പോർട്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലോ ആയുർവ്വേദ വിഭാഗം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലോ ലഭ്യമല്ല.

പുതിയ മെഡിക്കൽ കോളേജുകൾ

24 (3455) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കോന്നി മെഡിക്കൽ കോളേജിന്റെയും തിരുവനന്തപുരത്തെ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജിനും കോന്നി മെഡിക്കൽ കോളേജിനുംവേണ്ടി 108 തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഓരോ പുതിയ മെഡിക്കൽ കോളേജിനും നീക്കിവച്ചിട്ടുള്ള തുക വിവരം താഴെ ചേർക്കുന്നു :

1. മഞ്ചേരി മെഡിക്കൽ കോളേജ് - 36.25 കോടി
2. ഇടുക്കി മെഡിക്കൽ കോളേജ് - 16.25 കോടി
3. കോന്നി മെഡിക്കൽ കോളേജ് - 37.55 കോടി
4. കാസർഗോഡ് മെഡിക്കൽ കോളേജ് - 11.25 കോടി
5. തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജ് - 28 കോടി
6. വയനാട് മെഡിക്കൽ കോളേജ് - 3.5 കോടി

സംഭരണ ലിസ്റ്റിൽനിന്നും ഒഴിവാക്കിയ മരുന്നുകൾ

25 (3456) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷം ആരോഗ്യവകുപ്പ് മരുന്നു സംഭരണ ലിസ്റ്റിൽ നിന്നും 186 തരം മരുന്നുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(ബി) ഈ മരുന്നുകൾ ഒഴിവാക്കിയതുവഴി സർക്കാരിന് എത്ര നേട്ടമാണ് ഉണ്ടായതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന 2011-നുശേഷമുള്ള സാമ്പത്തിക വർഷങ്ങളിലെ മരുന്നു പട്ടികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	2012-13	2013-14	2014-15	2015-16
മരുന്ന് ഇനം	518	832	771	585

2014-15 : ഇതിൽ ചില മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, മറ്റ് ചില മരുന്നുകൾ പല സ്ട്രെങ്തിൽ ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ 2014-15 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly